WEDNESDAY 21/08/2024 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor: Nizam S A** **Editor: Dr. Binu Harriet Ivan**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 21/08/2024

1. കേരളഗ്രോ ബ്രാൻഡ് ലഭിച്ച ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി സംസ്ഥാനത്തുടനീളം എല്ലാ ജില്ലകളിലും ഓരോ കേരള ബ്രാൻഡഡ് ഷോപ്പുകളും കേരളഗ്രോ റീട്ടെയിൽ ഔട്ട്ലെറ്റുകളും കൃഷിവകുപ്പ് അനുവദിച്ചിട്ടുണ്ട്. അത്തരത്തിൽ കൃഷിവകുപ്പ് ആരംഭിക്കുന്ന കേരളഗ്രോ ബ്രാൻഡഡ് ഷോപ്പിന്റെ സംസ്ഥാനതല ഉദ്ഘാടനം എറണാകുളം വൈറ്റിലയിൽ സഹൃദ ഫാർമേഴ്സ് വെൽഫെയർ ഓർഗനൈസേഷനിൽ വച്ച് നടത്തപ്പെടുന്നു. 2024 ഓഗസ്റ്റ് 23-ന് 3:00 മണിക്ക് തൃക്കാക്കര എംഎൽഎ ഉമ തോമസ് അധ്യക്ഷം വഹിക്കുന്ന ചടങ്ങിൽ കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് കേരള ബ്രാൻഡഡ് ഷോപ്പിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുന്നു. ബ്രാൻഡഡ് ഉൽപന്നങ്ങൾക്ക് പുറമേ ജൈവ ഉൽപ്പന്നങ്ങൾക്ക് മാത്രമായി പ്രത്യേക വിഭാഗവും ഇവിടെ സജ്ജമാക്കിയിട്ടുണ്ട്. കർഷകർക്ക് മികച്ച വരുമാനവും വിപണിയിൽ പോഷക സമൃദ്ധമായ ഭക്ഷണവും ലഭ്യമാക്കുവാൻ ലക്ഷ്യമിട്ടാണ് കേരള ബ്രാൻഡഡ് ഷോപ്പ് പ്രവർത്തിക്കുന്നത്.

2. കുട്ടനാട്ടിൽ രണ്ടാംകൃഷിയിറക്കിയ പാടശേഖരങ്ങളിൽ ബാക്ടീരിയൽ ഇലകരിച്ചിൽ രോഗത്തിന്റെ ലക്ഷണങ്ങൾ കാണുന്നുണ്ട്. കാറ്റും മഴയും ഉള്ള ഈ സമയത്താണ് രോഗം നെൽക്കൃഷിയെ ബാധിക്കുന്നതും രോഗവ്യാപനം അതിവേഗത്തിലാക്കുന്നതും. ഇളംമഞ്ഞ നിറത്തിൽ നെല്ലോലയുടെ അരികുകളിൽ രൂപപ്പെട്ട് ഇലയുടെ അഗ്രഭാഗം മുതൽ താഴേക്ക് ഇരുവശങ്ങളിൽ കൂടിയോ ഞരമ്പ് വഴിയോ കരിഞ്ഞുപോകുന്നതാണ് രോഗലക്ഷണം. . ഈ സമയത്ത് 20 ഗ്രാം പച്ചച്ചാണകം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിച്ചു കൊടുക്കുക. ആവശ്യമെങ്കിൽ രണ്ടാഴ്ചയ്ക്ക് ശേഷം ഒന്നു കൂടി ഇത് ആവർത്തിക്കുക. ബ്ലീച്ചിംഗ് പൗഡർ ഒരേക്കറിന് 2 കിലോ ഗ്രാം എന്ന തോതിൽ തുണിയിൽ ചെറു കിഴികളായി കെട്ടി വെള്ളം കയറുന്ന ഭാഗങ്ങളിൽ ഇട്ട് കൊടുക്കുന്നത് സഹായകമാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വെള്ളത്തിലൂടെയുള്ള രോഗവ്യാപനം തടയുന്നതിന് സഹായകമാണ്. കൂടുതൽ വിവരങ്ങൾക്ക് മങ്കൊമ്പ് സംസ്ഥാന കീടനിരീക്ഷണ കേന്ദ്രവുമായി 9383470696 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

3. കേരള കാർഷിക സർവ്വകലാശാലയുടെ, മണ്ണുത്തിയിലെ കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രത്തിൽ, അത്യൽപാദന ശേഷിയുള്ള തെങ്ങിൻ തൈകളായ കോമാടൻ 130 രൂപ നിരക്കിലും, WCT 120 രൂപ നിരക്കിലും (മൊത്തം 350 എണ്ണം) വില്പനയ്ക്ക് ലഭ്യമാണ്. ബുക്കിങ്ങ് ഉണ്ടായിരിക്കുന്നതല്ല.

4. പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പോഷക സമൃദ്ധി മിഷന്റെ ഭാഗമായി 100 രൂപയ്ക്കുള്ള ഹൈബ്രിഡ് വിത്തു കിറ്റ് കൃഷിഭവൻ വഴി സൗജന്യമായി വിതരണം ചെയ്യുന്നു. സ്ഥിരമായി ഒരു സീസണിലെങ്കിലും പച്ചക്കറി കൃഷി ചെയ്യുന്ന ചെറുകിട കർഷകർ കൃഷിക്കൂട്ടത്തിലെ അംഗങ്ങൾ, ക്ലസ്റ്റർ അടിസ്ഥാനത്തിൽ വാണിജ്യകൃഷി ചെയ്യുന്ന കർഷകർ എന്നിവർക്കാണ് ഹൈബ്രിഡ് വിത്തു കിറ്റ് നൽകുക. ഇതോടൊപ്പം ഒന്നിന് 3 രൂപ വിലയുള്ള മുളക്, വഴുതന, തക്കാളി, കൊത്തമര, ബീൻസ്, പയർ, വെണ്ട, ശീതകാല പച്ചക്കറികൾ എന്നിവയുടെ ഹൈബ്രിഡ് തൈകളും വിതരണത്തിനുണ്ട്. 50 സെൻ്റിൽ കൂടുതൽ കൃഷി ചെയ്യുന്ന ചെറുകിട കർഷകർ പദ്ധതി ആനുകൂല്യത്തിന് അർഹരാണ്.

**പരിശീലന പരിപാടി**

5. സ്കിൽ ട്രെയിനിംഗ് കം എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് പ്രോഗ്രാമിലേക്കുള്ള പട്ടികജാതി യുവാക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള എഴുത്തുപരീക്ഷയും അഭിമുഖവും 23.08.2024 രാവിലെ 9.30ന് ഐസിഎആർ-കെവികെ-ആലപ്പുഴ, ഐസിഎആർ-

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സിപിസിആർഐ (റീജിയണൽ സ്റ്റേഷൻ), കായംകുളം നടക്കും. സെലക്ഷൻ പ്രക്രിയയിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ള യോഗ്യരായ ഉദ്യോഗാർത്ഥികൾ **04792959268, 2449268, 944790268** എന്നീ നമ്പറുകളിൽ 2024 ഓഗസ്റ്റ് 21-ന് മുമ്പ് രജിസ്റ്റർ ചെയ്യണം. (പ്രവൃത്തി ദിവസങ്ങളിൽ തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 09.00 മുതൽ വൈകിട്ട് 05.30 വരെ)

6. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന "രോഗകീട നിയന്ത്രണം ജൈവ ജീവാണു മാർഗങ്ങളിലൂടെ" എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2024 ഓഗസ്റ്റ് 26 ന് ആരംഭിക്കുന്നു. പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ ഓഗസ്റ്റ് 25 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 24 ദിവസം ദൈർഘ്യമുള്ളതും പൂർണ്ണമായും മലയാളത്തിൽ പരിശീലിപ്പിക്കുന്ന കോഴ്സ് പത്ത് സെഷനുകളിലായി കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പ്രയോജനപ്പെടുത്താവുന്നതാണ്. നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റും നൽകുന്നതാണ്. www.celkau.in/MOOC എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് ഓഗസ്റ്റ് 26 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം.

7. റബ്ബർബോർഡിന്റെ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ .ആർ.ടി.) 27, 28 തീയതിക ളിൽ നൂതന കൃഷിരീതികളിൽ പരിശീലനം നൽകും. കൂടുതൽ വിവരങ്ങൾക്ക് : 9495928077, 0481- 2351313 എന്നീ ഫോൺ നമ്പരിലോ, training@ rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലൊ ബന്ധപ്പെടുക.